(സി) ഈ സ്ഥലത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഇന്റർകണക്ഷൻ വഴി ശുദ്ധജലവിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശത്ത് ശുദ്ധ ജലം എത്തിക്കുന്നതിനുള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) ഇതിനു വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ആറൻമുള ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം

47 (2615) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള ഗ്രാമപഞ്ചായത്തിലെ കുറിച്ചിമുട്ടം-നിർവിളാകം ഭാഗത്തേയ്ക്കുള്ള പൈപ്പ് ലൈൻ അടച്ചിരിക്കുന്നതുമൂലം പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രദേശത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഗണിച്ച് കുറിച്ചിമുട്ടം-നിർവിളാകം ഭാഗത്തേയ്ക്കുള്ള പൈപ്പ് ലൈൻ തുറന്ന് കുടിവെള്ളം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) പ്രസ്തുത ഭാഗത്ത് വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ അടച്ചിട്ടില്ല. ഏതെങ്കിലും ഭാഗത്ത് പൈപ്പ് ലൈനിൽ തടസ്സമുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് നഗരത്തിലെ ശുദ്ധജല വിതരണ പദ്ധതി

48 (2617) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒ.ഇ.സി.എഫ്. പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നഗരത്തിലും പഞ്ചായത്തിലും ശുദ്ധജല വിതരണം നടത്തുന്നതിനായി സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly